പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2842 — 22.06.2012 ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, എ. റ്റി. ജോർജ്<br>,, ജോസഫ് വാഴക്കൻ<br>,, സി. പി. മുഹമ്മദ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സാധന സാമഗ്രികൾ ഉപയോഗിക്കുന്നതു സംബന്ധിച്ചും, രാജീവ്ഗാന്ധി ഭാരത് നിർമ്മാൺ സേവാ കേന്ദ്രം നിർമ്മിക്കുന്നതു സംബന്ധിച്ചും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>• നൂറു ദിവസം തൊഴിൽ പൂർത്തീകരിച്ച സ്ത്രീ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനാവശ്യങ്ങൾക്കായി 1000 രൂപാ വീതം നൽകാൻ തീരുമാനിച്ചു<br>• പൈലറ്റ് മാതൃകാ സോഷ്യൽ ഓഡിറ്റ് എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു.<br>• മേറ്റുമാരുടെ നിയമനത്തിൽ മാറ്റം വരുത്തി<br>• തൊഴിൽ സമയം കുറയ്ക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.<br>• വേതന വർദ്ധനവിനും, പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും വേണ്ടി പരിശ്രമങ്ങൾ നടത്തികൊണ്ടിരിക്കുന്നു. |

- പരിസ്ഥിതി പുനഃസ്ഥാപനത്തിനും, ജൈവവൈവിധ്യം നിലനിറുത്തുന്നതിനുമായി - റോഡരികിലെ പുൽവെട്ട് നിർത്തലാക്കി.

ബി) കഴിഞ്ഞ വർഷത്തേക്കാൾ എത്ര കോടി രൂപയാണ് അധികമായി പ്രസ്തുത പദ്ധതിക്കു ചെലവഴിച്ചതെന്ന് പറയാമോ;

ബി) 302.58 കോടി രൂപ

സി) എത്ര ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയുണ്ടായെന്ന് വിശദമാക്കുമോ ?

സി)

| വർഷം | ആകെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|
| 2006-07 | 0.99 |
| 2007-08 | 1.82 |
| 2008-09 | 6.92 |
| 2009-10 | 9.56 |
| 2010-11 | 11.85 |
| 2011-12 | 14.16 |
| 2012-13 (16.06.2012 വരെ) | 5.38 |

സെക്ഷൻ ഓഫീസർ